(സി) ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധം I ഉം II ഉം കാണാവുന്നതാണ്.†

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

10 (154) പട്ടികജാതി- പട്ടികവർഗ്ഗക്കാർക്ക് പ്രത്യേകം ദുരിതാശ്വാസനിധി

ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ :
ശ്രീ. യു.എസ്. ശശി :
ശ്രീ. എം. നാരായണൻ :
ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കുമായി പ്രത്യേകം ദുരിതാശ്വാസനിധി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ഈ ദുരിതാശ്വാസനിധിയിൽനിന്നും ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് എന്തെല്ലാം തരത്തിലുള്ള സഹായങ്ങൾ എത്രവീതം നൽകിവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിധിയിൽ നിന്നുള്ള ആനുകൂല്യം ഇതിനകം എത്രപേർക്ക് നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ നിധിയിൽനിന്നും ആനുകൂല്യം ലഭിക്കുന്നതിന് എന്തെല്ലാം നിബന്ധനകൾ പാലിക്കേണ്ടതുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കാൻസർ മുതലായ രോഗങ്ങൾക്കുള്ള ചികിത്സ, ദീർഘകാലമായി നടത്തിവരുന്ന ചികിത്സാച്ചെലവ് കൂടിയ ശസ്ത്രക്രിയകൾ, ഡയാലിസിസ് മുതലായവക്ക് പരമാവധി 25,000 രൂപയും തീപിടിത്തം, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം അത്യാവശ്യമായി വരുന്ന ചെലവുകൾക്ക് പരമാവധി 10000 രൂപാ വരെ ധനസഹായം നൽകുന്നു.

(സി) 1024 പട്ടികജാതിക്കാർക്കും 59 പട്ടികവർഗ്ഗക്കാർക്കും ഈ നിധിയിൽ നിന്നും ഇതുവരെ ധനസഹായം നൽകിയിട്ടുണ്ട്.

(ഡി) വാർഷിക കുടുംബവരുമാനം 25,000 രൂപയിൽ കവിയാത്ത പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങൾക്കുമാത്രമേ ഈ പദ്ധതി പ്രകാരം ധനസഹായത്തിന് അർഹത ഉണ്ടായിരിക്കുകയുള്ളു. പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളിലെ വരുമാനദായകർ രോഗംമൂലം മരണപ്പെടുക, ദീർഘകാല ചികിത്സ ആവശ്യമായി വരുക, തീപിടുത്തം, പ്രകൃതിക്ഷോഭം എന്നിവ നിമിത്തം അത്യാവശ്യച്ചെലവുകൾ വേണ്ടിവരുക തുടങ്ങിയ അത്യാഹിത സന്ദർഭങ്ങളിൽ സാമ്പത്തികസഹായം നൽകുന്നതാണ്. അപേക്ഷ സമർപ്പിക്കു

† അനുബന്ധം III (a-b)

LIBRARY ARCHIVES Kerala Legislative Assembly

മ്പോൾ ജാതി-വരുമാന സർട്ടിഫിക്കറ്റുകൾ, മെഡിക്കൽ സർട്ടിഫിക്കറ്റ് തഹസിൽദാരുടെ ശുപാർശ എന്നിവ അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ അത്യാഹിതം സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. ചികിത്സാച്ചെലവിനുള്ള സഹായത്തിന് ചികിത്സ തുടങ്ങി മൂന്ന് മാസത്തിനുള്ളിൽ അപേക്ഷ ബന്ധപ്പെട്ട ഓഫീസർക്ക് സമർപ്പിക്കേണ്ടതാണ്. മറ്റ് ഏതെങ്കിലും ഗവണ്മെന്റ് ഏജൻസികളിൽനിന്നും ധനസഹായമോ ഇൻഷ്വറൻസ് തുകയോ, ക്ഷേമനിധി വിഹിതമോ ലഭിച്ചിട്ടുണ്ടെങ്കിൽ അത്രയും തുക കുറച്ചുള്ള തുക മാത്രമേ ഈ പദ്ധതിപ്രകാരം ലഭിക്കുകയുള്ളൂ. അപേക്ഷ നൽകുമ്പോൾ മറ്റ് ഏജൻസികളിൽനിന്നും ലഭിച്ച ധനസഹായത്തിന്റെ പൂർണ്ണ വിവരം കൂടി നൽകേണ്ടതാണ്.

11 (155) പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിന് പദ്ധതി

ഡോ. എം.എ. കുട്ടപ്പൻ :
ശ്രീമതി രാധാ രാഘവൻ :
ശ്രീ. എ.കെ. മണി :
ശ്രീമതി റോസമ്മ ചാക്കോ :
ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഇന്നു നിർമ്മിച്ചുനൽകുന്ന ഒരു മുറിയും അടുക്കളയും മാത്രമുള്ള പാർപ്പിടങ്ങൾ, പുതിയ കാഴ്ചപ്പാടിൽ അപര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ അവർക്ക് ഏതുതരം വീടുകൾ നിർമ്മിച്ചുനൽകാനാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്;

(ഡി) അത്തരം വീടുകളുടെ ഡിസൈൻ തയ്യാറാക്കിയിട്ടുണ്ടോ എന്നും, നിർമ്മാണച്ചെലവ് കണക്കാക്കിയിട്ടുണ്ടോ എന്നും അറിയിക്കുമോ;

(ഇ) പരമ്പരാഗത നിർമ്മാണ വസ്തുക്കൾ ഉപയോഗിച്ച് ഉറപ്പും ഭംഗിയുമുള്ള വീടുകൾ പിന്നോക്കക്കാർക്ക് നിർമ്മിച്ചുനൽകുന്നതിനുള്ള ഒരു പദ്ധതി ആവിഷ്കരിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) പിന്നോക്ക വിഭാഗക്കാരുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിപ്രകാരം താഴ്ന്നവരുമാനക്കാർക്ക് 60,000 രൂപയും ഇടത്തരം വരുമാനക്കാർക്ക് 1,75,000 രൂപയും ഭവന നിർമ്മാണത്തിന് വായ്പ നല്കിവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കായി നിലവിലുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് പുറമേ 'മൈത്രി സമ്പൂർണ്ണ ഭവന പദ്ധതി' കഴിഞ്ഞ സാമ്പത്തിക വർഷം മുതൽ നടപ്പാക്കിവരുന്നു. ത്രിതല പഞ്ചായത്തു

LIBRARY ARCHIVES Kerala Legislative Assembly